പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2531 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ രോഗികൾക്ക് ചികിത്സാ സൗകര്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) ക്യാൻസർ പോലെയുള്ള മാരകമായ രോഗങ്ങൾ ബാധിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് നിലവിൽ ലഭ്യമാക്കുന്ന സൗജന്യ ചികിത്സാ സഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ക്യാൻസർ പോലെയുള്ള മാരകമായ രോഗങ്ങൾ ബാധിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിച്ച് നൽകുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി വകുപ്പ് മുഖേന പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി വഴി സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികൾ, റീജിയണൽ ക്യാൻസർ സെന്റർ (RCC), മലബാർ ക്യാൻസർ സെന്റർ (MCC) എന്നിവ മുഖേന ക്യാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്ക് സൗജന്യ പരിശോധനകൾ, വിദഗ്ധ ചികിത്സ, ശസ്ത്രക്രിയ, ജീവൻരക്ഷാ മരുന്നുകൾ എന്നിവ ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, അടിയന്തര സാഹചര്യങ്ങളിൽ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രത്യേകം ചികിത്സാ ധനസഹായവും ലഭ്യമാക്കുന്നുണ്ട്.

(ബി) മാരക രോഗങ്ങൾ ബാധിക്കുന്ന നിർദ്ധനരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്ക് പുറമെ, അടിയന്തര പ്രാധാന്യമുള്ള വിദഗ്ധ ചികിത്സ സ്വകാര്യ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

മറുപടി: പട്ടികവർഗ്ഗ വിഭാഗക്കാർക്ക്, സർക്കാർ ആശുപത്രികളിൽ നിലവിൽ ലഭ്യമല്ലാത്ത അടിയന്തര ശസ്ത്രക്രിയകൾ, പ്രത്യേക ഡയഗ്നോസ്റ്റിക് പരിശോധനകൾ, മറ്റ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ എന്നിവ അടിയന്തരമായി നൽകേണ്ടിവരുന്ന ഘട്ടങ്ങളിൽ, സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ട്/ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരുടെ ശുപാർശയുടെയും സാക്ഷ്യപത്രങ്ങളുടെയും അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളിൽ നിന്നോ ലാബുകളിൽ നിന്നോ ലഭ്യമാക്കുകയും ആയതിന്റെ ചെലവുകൾ വകുപ്പിൽ നിന്നും നൽകുകയും ചെയ്യുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സ്വകാര്യ ആശുപത്രികളിൽ നിന്നും സൗജന്യമായി ചികിത്സ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലില്ല.

(സി) സാമ്പത്തികമായി ഏറെ പ്രയാസം അനുഭവിക്കുന്ന പ്രസ്തുത വിഭാഗക്കാർക്ക് സ്വകാര്യ ആശുപത്രികളിലെ വിലകൂടിയ ചികിത്സകളും മരുന്നുകളും പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കാൻ പുതിയ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> സ്വകാര്യ ആശുപത്രികൾ വഴി വിലകൂടിയ ചികിത്സകളും മരുന്നുകളും പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കുക എന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമായി ബുദ്ധിമുട്ടുള്ളതാണ്. ആയതിനാൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സകൾക്ക് മാത്രമായി പുതിയ പദ്ധതികൾ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വൈദ്യസഹായ പദ്ധതികൾ വഴിയും കാസ്പ്/ കാരുണ്യ ബെനവലന്റ് ഫണ്ട് വഴിയും ലഭിക്കുന്ന സാമ്പത്തിക സഹായത്തിന്റെ പരിധി വർദ്ധിപ്പിക്കാനും സ്വകാര്യ എംപാനൽഡ് ആശുപത്രികൾ വഴി തടസ്സമില്ലാതെ ക്യാഷ്ലെസ്സ് ചികിത്സ ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> വകുപ്പിന്റെ വൈദ്യസഹായ പദ്ധതികൾ വഴിയുള്ള ചികിത്സാ സഹായ പരിധി വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ